# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 342 — 18-10-2016-ൽ മറുപടിയ്ക്ക്

## ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ

| | ചോദ്യം<br><br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. ഐ.ബി.സതീഷ്<br>ശ്രീ. പി.കെ.ശശി<br>ശ്രീ. എം. രാജഗോപാലൻ | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. കാലാകാലങ്ങളിൽ ഭാഗ്യക്കുറി സമ്മാന ഘടനകൾ പരിഷ്കരിക്കുക, ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുക, അന്യ സംസ്ഥാന ലോട്ടറികൾ നിയന്ത്രിക്കുക, ലോട്ടറി സബ് സെന്ററുകൾ ആരംഭിക്കുക, ആട്ടോമേഷൻ നടപ്പിലാക്കുക, ആഡിറ്റ് വിംഗ് രൂപീകരിക്കുക, ക്ഷേമനിധി അംഗങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ വിപുലീകരിക്കുക തുടങ്ങി ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങളെല്ലാംതന്നെ അവലോകനം ചെയ്തുവരുന്നു. |
| (ബി) | ലോട്ടറി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറി നറുക്കെടുപ്പുകളും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പുകളും നടത്തി വരുന്നു. ഇതിന് പുറമേ മാസത്തിൽ ഒന്നാമത്തേയും മൂന്നാമത്തേയും വെള്ളിയാഴ്ചകളിൽ 100/- രൂപ മുഖവിലയുള്ള ഒരു ബൈ വീക്കിലി ഭാഗ്യക്കുറി കൂടി 'നിർമ്മൽ' എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. ടിക്കറ്റിന്റെ ഡിമാന്റ് അനുസരിച്ചും ഏജന്റുമാരുടേയും ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും കാലാകാലങ്ങളിൽ ഭാഗ്യക്കുറി |

| | | | |
|---|---|---|---|
| | | | സമ്മാനഘടനകൾ പരിഷ്ക്കരിക്കുകയും ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ നടപടികളും, അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് നിയന്ത്രിച്ചതും, നിയമവിരുദ്ധ ലോട്ടറികൾക്കെതിരായ ശക്തമായ നടപടികളും, ലോട്ടറിയുടെ വിറ്റുവരവിൽ വർദ്ധനവിന് കാരണമായിട്ടുണ്ട്. |
| (സി) | ലോട്ടറി വിറ്റുവരവിന്റെ ഒരു ശതമാനം തൊഴിലാളി ക്ഷേമത്തിനായി നീക്കി വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ആക്ട് പ്രകാരം ഓരോ വർഷവും ഭാഗ്യക്കുറി വകുപ്പ് വഴി വിറ്റഴിക്കുന്ന ഭാഗ്യക്കുറി ടിക്കറ്റുകളുടെ മൊത്തം വിറ്റുവരവിന്റെ ഒരു ശതമാനം ക്ഷേമനിധിയിലേയ്ക്ക് അംശാദായമായി അടയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി തുക ക്ഷേമനിധി അംഗങ്ങൾക്ക് ചികിത്സാ സഹായം, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, മരണാനന്തര സാമ്പത്തിക സഹായം, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്ക് പുറമെ ഓണം ഉത്സവ ബത്ത, വിദ്യാഭ്യാസ അവാർഡ്, ഒറ്റത്തവണ സ്കോളർഷിപ്പ് പദ്ധതി മുതലായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വിനിയോഗിക്കുന്നു. |
| (ഡി) | ശുചിത്വ പ്രവർത്തനങ്ങൾക്കായുള്ള ധനസമാഹരണത്തിനായി പ്രത്യേക ലോട്ടറി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | ശുചിത്വത്തിന്റെ പരസ്യപ്രചരണാർത്ഥമാണ് 'നിർമ്മൽ' എന്ന പേരിൽ ഒരു ബൈ വീക്കിലി ലോട്ടറി ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത ഭാഗ്യക്കുറി ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യ പ്രചാരണത്തിനുള്ള വാചകങ്ങൾ അച്ചടിച്ചിട്ടുണ്ട്. 100/- രൂപ മുഖവിലയുള്ള ടി ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് എല്ലാ മാസവും ഒന്നാമത്തേയും മൂന്നാമത്തേയും വെള്ളിയാഴ്ചകളിൽ നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | പാവപ്പെട്ട രോഗികൾക്കായുള്ള കാരുണ്യ ലോട്ടറി പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ? | (ഇ) | പാവപ്പെട്ട രോഗികൾക്കായുള്ള കാരുണ്യ ലോട്ടറി പദ്ധതിയിൽ ആവശ്യമായ വിപുലീകരണം യഥാസമയം സ്വീകരിച്ചുവരുന്നു. കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിൽ രോഗികൾക്ക് നൽകിവരുന്ന നിലവിലുള്ള ആനുകൂല്യങ്ങൾ കൂടാതെ വൃക്ക ദാതാവിന് ഈ പദ്ധതിയിൽ നിന്നും 1 ലക്ഷം രൂപ അനുവദിക്കാനും, ലിക്കോഡിസ് ട്രോഫൈ സ്ട്രോക്ക്, സ്പൈനൽ കോഡ് ഇൻജുറി, മസ്കുലാർ ഡിസ്ട്രോഫി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് കിടപ്പിലായ തുടർചികിത്സ ആവശ്യമായ രോഗികൾക്ക് ചികിത്സയ്ക്കായി ആയുർവ്വേദ പഞ്ചകർമ്മ ചികിത്സകൾ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് അതാതു ജില്ലാകളക്ടർമാരുടെ അക്കൗണ്ട് വഴി ചികിത്സാ ധനസഹായം നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>അന്യസംസ്ഥാനങ്ങളിലുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് ആവശ്യമെങ്കിൽ കാരുണ്യ പദ്ധതി വഴി ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നതിനും ഇതിലേയ്ക്കാവശ്യമായ നടപടി കൈക്കൊള്ളുന്നതിന് കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>കർണ്ണാടക സംസ്ഥാനത്തുള്ള മണിപ്പാൽ കസ്തുർബാ മെഡിക്കൽ കോളേജിനേയും മംഗലാപുരത്തുള്ള അനുബന്ധ കെ.എം.സി. ഹോസ്പിറ്റലുകളേയും കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.